## പതിനാലാം കേരള നിയമസഭ

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം :2179                18 .07. 2 0 1 6 ൽ മറുപടിക്ക്

## മസ്തിഷ്കവൈകല്യങ്ങളുള്ള കുട്ടികൾക്കുള്ള പരിശീലന സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വിൻസെൻറ് | | പ്രൊഫ. സി.രവീന്ദ്രനാഥ്, (ബഹു. വിദ്യാഭ്യാസ വകുപ്പ മന്ത്രി) | |
| എ) | കേരളത്തിൽ ഓട്ടിസം, സെറിബ്രൽ പാൾസി, ഡിസ്കാൽകുലിയ, ഡിസ് ഗ്രാഫിയ തുടങ്ങിയ ന്യൂനതകൾ മൂലം ബുദ്ധിമുട്ടുന്ന 18 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണവും വിവരങ്ങളും ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ലഭ്യമാക്കാമോ: | എ) | സംസ്ഥാനത്തെ പൊതുവിദ്യാലയ ങ്ങളിൽ പഠിക്കുന്ന ഓട്ടിസം, സെറിബ്രൽ പാൾസി, ഡിസ്കാൽകുലിയ, ഡിസ്ഗ്രാഫിയ എന്നീ വിഭാഗം കുട്ടികളുടേ കണക്കുകൾ പ്രത്യേകം പ്രത്യേകമായി ശേഖരിച്ചിട്ടില്ല. എന്നാൽ 2015-16വർഷം 16240 ഭിന്നശേഷിക്കാരായ കുട്ടികൾക്കാണ് എസ്. എസ്. എൽ സി പരീക്ഷാ ഇളവുകൾ നൽകിയിട്ടുള്ളത്. ഇതിൽ 7874 കുട്ടികൾ പഠനവൈകല്യ വിഭാഗത്തിലും 9 കുട്ടികൾ ഓട്ടിസം വിഭാഗത്തിലും 849 കുട്ടികൾ സി,പി/ഓ.എച്ച് വിഭാഗത്തിലും ഉൾപ്പെടുന്നവരാണ്. ഐ.ഇ.ഡി.എസ്. എസ് . പദ്ധതിയുടെ ഭാഗമായി 23,952കുട്ടികൾക്ക് തനതു വർഷം സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത കുട്ടികളെ വീടുകളിൽ നിന്നും സ്ഥിരമായി സ്കൂളിലെത്തിക്കാനും ആവശ്യമായ പരിശിലനം നൽകാനും കഴിവുള്ള എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിലുണ്ട്; വ്യക്തമാക്കുമോ; | ബി) | സംസ്ഥാനത്തെ ഒട്ടുമിക്ക പൊതു വിദ്യാലയങ്ങളിലും ഈ വിഭാഗം കുട്ടികളെചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുട്ടികളെ വീട്ടിൽ നിന്നും സ്കൂളിൽ എത്തിക്കുവാനുള്ള പ്രത്യേക സംവിധാനം ഐ.ഇ.ഡി.എസ്.എസ് പദ്ധതിയുടെ ഭാഗമായി നിലവിലില്ല. |
| സി) | ഇവയുടെ പ്രവർത്തന മികവും, കുട്ടികളുടെ പഠനനിലവാരത്തിന്റെ വർദ്ധനവും നിരന്തരം പരിശോധിക്കുന്ന എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദാംശം നൽകാമോ: | സി) | ഇവയുടെ പ്രവർത്തന മികവും, കുട്ടികളുടെ പഠനനിലവാരത്തിന്റെ വർദ്ധനവും നിരന്തരം പരിശോധിക്കുവാനായി പ്രത്യക സംവിധാനങ്ങളൊന്നും ഇപ്പോൾ നിലവിലില്ല. എന്നാൽ ഈ മേഖലയിലെ മോണിറ്ററിം ഗ് കാര്യക്ഷമമായി നടത്തു വാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| | | | |
| ഡി) | വിദ്യാഭ്യാസ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്ന് പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഇത്തരം വിദ്യാലയങ്ങൾ/ റീഹാബിലിറ്റേഷൻ സെന്ററുകൾ സാർവത്രികമായി ആരംഭിക്കാൻ കഴിയുമോ; വിശദമാക്കുമോ? | ഡി) | വിദ്യാഭ്യാസ വകുപ്പും തദ്ദേശ സ്വയം ഭരണ വകുപ്പും ചേർന്ന് പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഇത്തരം വിദ്യാലയങ്ങൾ/ റീഹാബിലിറ്റേഷൻ സെന്ററുകൾ സാർവത്രികമായി ആരംഭിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്താവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഇപ്പോൾത്തന്നെ ആരംഭിച്ചിട്ടുണ്ട്. സന്നദ്ധ സേവന സംഘടനകൾക്കും ഇക്കാര്യത്തിൽ കാര്യമായ പങ്ക് വഹിക്കാൻ കഴിയുമെന്നു കരുതുന്നു. |

സെക്ഷൻ ആഫീസർ